കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പ്രോ.നം. 121/ 18 (കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ആട് പ്രജനന യൂണിറ്റുകൾ ) നടപ്പാക്കാൻ പ്രത്യേക അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ) നം. 182/ 2019/ തസ്വഭവ   തിരുവനന്തപുരം, തീയതി, 28.01.2019

പരാമർശം :- 1. മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.11.2018-ല കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018-ലെ തീരുമാനം നം. 4.2

**ഉത്തരവ്**

കുടുംബശ്രീ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ആട് പ്രജനന യൂണിറ്റ് സ്ഥാപിച്ച് പഞ്ചായത്തിന് ആവശ്യമായ ആട്ടിൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനു വേണ്ടിയുള്ള മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടായ പ്രോ.നം. 121/ 18 (അടങ്കൽ 4,00,000/- രൂപ, പേര്:- കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ആട് പ്രജനന യൂണിറ്റുകൾ) നടപ്പാക്കാൻ അനുമതി നൽകണമെന്ന് പരാമർശം (1) ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ടി ആവശ്യം പരാമർശം(2)ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം പരിശോധിച്ചു. ടി യോഗത്തിന്റെ 4.2 നമ്പർ തീരുമാനപ്രകാരം മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പ്രോ.നം. 121/ 18 (കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ആട് പ്രജനന യൂണിറ്റുകൾ ) നടപ്പാക്കാൻ പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
പ്രസിഡണ്ട്, മാറഞ്ചേരി ഗ്രാമപഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ